**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 506. 06.02.2013 ൽ മറുപടിയ്ക്ക്

ഔദ്യോഗിക വാഹനങ്ങളിലെ ബോർഡുകൾ

| ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും<br>വകുപ്പുമന്ത്രി |
|---|---|---|
| (എ) സർക്കാർ വകുപ്പുകളുടേതല്ലാത്ത ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഔദ്യോഗിക വാഹനങ്ങളിൽ ചുവന്ന നിറത്തിൽ 'കേരള സർക്കാർ ' എന്ന ബോർഡ് സ്ഥാപിക്കുന്നതിന് അനുവാദം ഇല്ലെന്നിരിക്കെ, അത് ലംഘിച്ച ഏതെല്ലാം സ്ഥാപനങ്ങൾക്ക് എതിരെ കഴിഞ്ഞ ഒരു വർഷത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ; | (എ) | അനുവാദമില്ലാതെ ഔദ്യോഗിക വാഹനങ്ങളിൽ ബോർഡ് സ്ഥാപിച്ചിരുന്ന വിഷയത്തിൽ കോഴിക്കോട് ജില്ലയിൽ 4 ഉം, തൃശ്ശൂർ ജില്ലയിൽ ഒരു സ്ഥാപനത്തിനുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമലംഘനങ്ങൾ നിരവധി തവണ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി ഉണ്ടാകാത്തതോ വൈകുന്നതോ ആണ് ചില സ്വകാര്യ സ്ഥാപനങ്ങളും, മതസംഘടനകളും ഇത്തരം ബോർഡുകൾ പ്രദർശിപ്പിക്കാൻ കാരണമായതെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ ; | (ബി) | പൊതുജനങ്ങളിൽ നിന്നുള്ള പരാതിയോ, മറ്റേതെങ്കിലും തരത്തിലോ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉടനടി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) പ്രസ്തുത നിയമലംഘനങ്ങൾ — ക്കെതിരെ സത്വര നടപടി സ്വീകരിക്കുമോ? | (സി) | ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽപെടുന്ന പക്ഷം, 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 177 പ്രകാരം, വാഹന ഉടമയുടെ പേരിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.